# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അശമന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.EKM.P2-1732/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അശമന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.EKM.P2-1732/2022 തീയ്യതി: 03/12/2022

## എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-09-2022 | 22-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-09-2022 | 22-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ധീരജ് ജെ, ഓഡിറ്റ് ഓഫീസർ
2. ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
3. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. പ്രവീൺ വി എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷിജി ഷാജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രേമ ബി മേനോൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 08-04-2021 |
| ശ്രീമതി ഉദയ കെ | സെക്രട്ടറി | 09-04-2021 | 09-04-2021 |
| ശ്രീ സുധീഷ്കുമാർ സി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-04-2021 | 29-04-2021 |
| ശ്രീമതി ഉദയ കെ | സെക്രട്ടറി | 30-04-2021 | 02-07-2021 |
| ശ്രീമതി പ്രേമ ബി മേനോൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-07-2021 | 06-07-2021 |
| ശ്രീമതി രശ്മി എസ് | സെക്രട്ടറി | 07-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രേമ ബി മേനോൻ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീപ്രിയ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ.ബിജു വർഗീസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ.നിസരി ജോയ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ആശാലത ഇ എസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ ബിന്നി വർഗീസ് പി | ഹെഡ്മാസ്റ്റർ (ചാർജ്) | 01-04-2021 | 31-03-2022 |
| ശ്രീ ഡേവിഡ് കെ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സൗമ്യ സണ്ണി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി രജിത എൻ ടി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി മായ സി കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീമതി സിജി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 30-06-2021 |
| ശ്രീമതി റഫീനബീവി എം എം | ഡയറി ഡെവലപ്മെന്റ് ഓഫീസർ | 01-07-2021 | 29-09-2021 |
| ശ്രീമതി ദീപ എൻ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 30-09-2021 | 15-12-2021 |

| | | | |
|---|---|---|---|
| ശ്രീ രതീഷ് എം | ഡയറി ഫാം ഇൻസ്പെക്ടർ | 16-12-2021 | 31-03-2022 |
| ഡോ.ജീവൻ പി.എസ് | മെഡിക്കൽ ഓഫീസർ (എൻ.എച്ച്.ആർ.എം) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിശകലനം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാല**ൻ**സ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കുറവ് | 1-11 |
| 13 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു | 1-12 |
| 14 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-13 |
| 15 | സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 16 | ഓഡിറ്റ് ഇംപാക്ട് | 1-15 |
| 17 | സാക്ഷരതാ പ്രേരകിന് ഓണറേറിയം-തിരികെ ലഭ്യമായില്ല | 1-16 |
| 18 | കാലിത്തീറ്റ -കൈകാര്യ ചെലവ് ലഭ്യമാകാ**ൻ** അവശേഷിക്കുന്നു | 1-17 |
| 19 | ആട് വള**ർ**ത്ത**ൽ** പദ്ധതി-(വനിത)- മാനദണ്ഡം പാലിച്ചില്ല. | 1-18 |
| 20 | ഭരണസമിതി തീരുമാനങ്ങൾ-തുടർനടപടികൾ ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 21 | ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്ക് ധനാഗമ മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. | 1-20 |
| 22 | അങ്കണവാടികളിൽ അനുപൂരക പോഷകാഹാരം. കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. | 1-21 |
| 23 | മു**ൻ**കൂ**ർ** തുക 'കില'യി**ൽ** നിന്ന് ലഭ്യമാകാ**ൻ** അവശേഷിക്കുന്നു. | 1-22 |
| 24 | തെറ്റായ നിരക്കിലെ താരിഫ് നി**ർ**ണ്ണയം മൂലം ഉയ**ർ**ന്ന വൈദ്യുതി ചാ**ർ**ജ് ഒടുക്കുന്നു | 1-23 |
| 25 | പൊതുടാപ്പുകളുടെ വെള്ളക്കരം-കുടിശ്ശിക ക്രമീകരിച്ചില്ല | 1-24 |

| | | |
|---|---|---|
| 26 | മഴക്കാലപൂർവ്വ ശുചീകരണം-ചെലവഴിക്കാത്ത മുൻകൂർ തിരിച്ചടച്ചില്ല | 1-25 |
| 27 | പുറമ്പോക്ക് കൈയേറിയെന്ന പരാതി-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-26 |
| 28 | മരാമത്ത് പ്രവർത്തികൾ - അപാകങ്ങൾ | 1-27 |
| 29 | പദ്ധതി ആസൂത്രണ ചെലവുകൾ- അപാകം | 1-28 |
| 30 | വിനിയോഗ വിവരം(ഐ.കെ.എം) ലഭ്യമായിട്ടില്ല. | 1-29 |
| 31 | മരുന്നുകൾ ലഭ്യമായിട്ടില്ല (ഹോമിയോ) | 1-30 |
| 32 | ചികിത്സാസഹായം - ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-31 |
| 33 | കാരുണ്യ സ്പർശം പദ്ധതി-രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല. | 1-32 |
| 34 | എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല, മോണിറ്ററിംഗ് ഫലപ്രദമല്ല | 1-33 |
| 35 | പഞ്ചായത്തിലേക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ച്. | 1-34 |
| 36 | തുടർ സാക്ഷരതാ പരിപാടി - രേഖകൾ ലഭ്യമായിട്ടില്ല | 1-35 |
| 37 | എസ്.എസ്.കെ - എസ്.സി.പി ഫണ്ട് വിനിയോഗത്തിൽ അപാകം | 1-36 |
| 38 | ഘടക സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തിട്ടില്ല. | 1-37 |
| 39 | തെരുവ് വിളക്ക് പരിപാലനം ടെൻഡർ അപാകങ്ങൾ- | 1-38 |
| 40 | പാട്ടകൃഷി- നിർവ്വഹണത്തിലെ ന്യൂനതകൾ | 1-39 |
| 41 | പമ്പ് സെറ്റ് വിതരണ പദ്ധതിയിൽ കണ്ട ന്യൂനതകൾ | 1-40 |
| 42 | പച്ചക്കറി വിത്ത് കിറ്റ് വിതരണം- അപാകങ്ങൾ | 1-41 |
| 43 | വീട്ട് വളപ്പിൽ പച്ചക്കറികൃഷി വ്യാപനം - നിർവ്വഹണത്തിലെ അപാകങ്ങൾ | 1-42 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 17.02.2021ലെ 1(1)ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ പുതുക്കിയ ബജറ്റ് 26.02.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 11839663.00 | 12363015.00 | (-) 523352.00 |
| വരവ് | 188642225.00 | 76964631.00 | 111677594.00 |
| ആകെ | 200481888.00 | 89327646.00 | 111154242.00 |
| ചെലവ് | 187541443.00 | 74033144.00 | 113508299.00 |
| നീക്കിയിരിപ്പ് | 12940445.00 | 15294502.00 | (-)2354057.00 |

ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ സാരമായ വ്യത്യാസമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2022 | 19.05.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

3. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ, ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല. (Provisions).

4. ഇലക്ട്രിക്ക് മോട്ടർ സ്ഥാപിക്കുന്നതിനായി Permit Fee For Installation Of Machinery എന്ന ഹെഡ്ഡിൽ ഫീസ് ഈടാക്കുന്നതിന് പകരം 05.02.2022 ലെ 121020103079 രസീത് നമ്പർ പ്രകാരം 3000/- രൂപ ഈടാക്കിയിട്ടുള്ളത് തെറ്റായി Permit Fee For Building Construction എന്ന ഹെഡ്ഡിലാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12363015 |
| വരവ് | 76964631 |
| ആകെ | 89327646 |
| ചെലവ് | 74033144 |
| നീക്കിയിരിപ്പ് | 15294502 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1678534 |

## 1-4 ഫണ്ട് വിശകലനം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9360068 | 9360068 | 8814733 | 0 | 543355 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4305452 | 4305452 | 4203733 | 0 | 101719 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 4700 | 4700 | 0 | 0 | 4700 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 3239955 | 3239955 | 2180271 | 0 | 1059684 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് ) | 0 | 3320000 | 3320000 | 0 | 3320000 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ് ) | 0 | 2214000 | 2214000 | 863818 | 1350182 | - |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 17629000 | 17629000 | 17347214 | 0 | 281786 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 4870979 | 4870979 | 3487108 | 0 | 1383871 |
| സാക്ഷരത | 0 | 0 | 0 | 0 | 0 | - |
| അംഗൻ വാടി പൂരക പോഷകാഹാരം | 609737 | 962813 | 1572550 | 993966 | 578584 | - |
| ശുചിത്വമിഷൻ | 190566 | 140000 | 330566 | 280000 | 50566 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 98717429 | 137 | 53702009 | 4 | 29 | 80.58% |

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 31146 | 677452 + 7543 (പലിശ) | 716141 | 690082 + 25488 (റീഫണ്ട്) | 571 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പെടെ) | 0 | 26203410 | 26203410 | 26203410 | 0 |
| ആകെ | 31146 | 26888405 | 26919551 | 26918980* | 571 |

*റീഫണ്ട് 25488/- രൂപ ഒഴികെയുള്ള തുക 26893492/- രൂപയാണ് ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-6 ൽ വന്നിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 8475600 | 570 |
| വിധവാപെൻഷൻ | 10353400 | 672 |
| വാർദ്ധക്യ കാലപെൻഷൻ | 21989500 | 1639 |
| വികലാംഗപെൻഷൻ | 4180300 | 222 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 486500 | 31 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.09.2022 ഉച്ചകഴിഞ്ഞ് 3.20 മണിക്ക് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4970/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ രജിസ്റ്റർ പ്രകാരം വിവിധ ചുമതലകൾ ജോലി വിഭജനം നടത്തി സെക്ഷനുകൾക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. ILGMS നടപ്പാക്കുന്നതിന് അനുസൃതമായി ഫയൽ നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തനത് ഫണ്ട് വൗച്ചറുകൾ, രജിസ്റ്ററുകൾ എന്നിവ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ താഴെ ചേർക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. കെട്ടിട നിർമ്മാണാനുമതി നൽകുമ്പോൾ രജിസ്റ്ററിൽ പല അനുമതികളും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
3. പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന ഹരിതകർമ്മസേന ഉപയോഗിക്കുന്ന രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. രസീത് ലഭിക്കുമ്പോൾ അവ നമ്പർ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന് ശേഷം മാത്രം വിതരണം ചെയ്യേണ്ടതും കളക്ഷൻ തുക ബാങ്കിൽ അടവാക്കുന്നതിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.
4. പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിലെ തുക കൃത്യമാണോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.
5. പൊതുടാപ്പുകൾ പലതും ഉപയോഗശൂന്യമാണെന്ന് ഭരണസമിതി വിലയിരുത്തിയെങ്കിലും വാട്ടർ അതോറിട്ടി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ഈയിനത്തിൽ നിലനിൽക്കുന്ന കടിശ്ശിക ക്രമീകരിക്കാൻ സാധിച്ചിട്ടില്ല.
6. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് അപൂർണ്ണമാണ്. ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2021 | 02/2021 മുതൽ 08/2021 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2017 | 2011-12 മുതൽ 2015-16 വരെ | 09.03.2017 |

## 1-11 വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കുറവ്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുമ്പോൾ ചട്ടം-6 അടിസ്ഥാന വസ്തുനികുതിയിന്മേൽ വരുത്തേണ്ട വർദ്ധനവ് പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയിലുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടത്തിന് 20% വർദ്ധനവ് വരുത്തിയാണ് വാർഷിക വസ്തുനികുതി തുക കണക്കാക്കേണ്ടത്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് അഞ്ച് മീറ്ററിൽ കൂടുതൽ വീതിയിലുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ളതായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ പ്രസ്തുത 20 % വർദ്ധനവ് കണക്കാതെയാണ് വസ്തു നികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചിട്ടുള്ളത്. ഇതുപ്രകാരം വാർഷിക വസ്തുനികുതി തുകയിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ.

(1) ശ്രീ. ടി.വി. മുഹമ്മദ്, തേലംപുറം, അല്ലപ്ര പി.ഒ, പെരുമ്പാവൂർ എന്ന വ്യക്തിയുടെ 862.45 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പമെന്റ് ആക്റ്റ് 2006 (2006ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് 23.03.2022 ൽ വസ്തുനികുതി നിർണ്ണയം നടത്തി 10/351A നമ്പർ അനുവദിച്ചിട്ടുള്ളതിന്റെ വാർഷിക വസ്തുനികുതി തുകയിൽ 3450/- രൂപ കുറവ് വന്നിട്ടുണ്ട്.

| | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി തുക (862.45 X 20) | 17249 | 17249 | 0 |
| ഇളവ് - (ദ്വിതീയ മേഖല -10%, മേൽക്കൂര (ഷീറ്റ്) - 10%) | 3449.8 | 3449.8 | 0 |
| വർദ്ധനവ്- 20% (അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയിലുള്ള വഴി) | 3449.8 | 0 | 3449.8 |
| വാർഷിക വസ്തു നികുതി തുക (ലൈബ്രറി സെസ്സ് ഒഴികെ) | 17249 | 13800 | 3450 |

(2) ശ്രീ. ഇബ്രാഹിം, ഇഞ്ചക്കുടി, ഏക്കുന്നം എന്ന വ്യക്തിയുടെ 73.1 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് 09.07.2021ൽ വസ്തുനികുതി നിർണ്ണയം നടത്തി 8/113B നമ്പർ അനുവദിച്ചിട്ടുള്ളതിന്റെ വാർഷിക വസ്തുനികുതി തുകയിൽ 731/- രൂപ കുറവ് വന്നിട്ടുണ്ട്.

| | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി തുക (73.1 X 50) | 3655 | 3655 | 0 |
| ഇളവ് - (മേൽക്കൂര (ഷീറ്റ്) - 10%) | 365.5 | 365.5 | 0 |
| വർദ്ധനവ്- 20% (അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയിലുള്ള വഴി) | 731 | 0 | 731 |
| വാർഷിക വസ്തു നികുതി തുക (ലൈബ്രറി സെസ്സ് ഒഴികെ) | 4021 | 3290 | 731 |

പ്രസ്തുത കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി വാർഷിക വസ്തു നികുതി ഈടാക്കിയതിൽ ആകെ 4181/- രൂപയുടെ കുറവ് വന്നിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 22.09.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 19 ന് സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത റോഡുകൾ അഞ്ച് മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളിൽ നോട്ടിഫൈ ചെയ്ത റോഡുകൾ അല്ല എന്നും നോട്ടിഫൈ ചെയ്ത റോഡുകൾ മാത്രമേ റോഡ് സെലക്റ്റ് ചെയ്യുമ്പോൾ ലഭിക്കുകയുള്ളു എന്നും പുതിയ റോഡുകൾ നോട്ടിഫൈ ചെയ്യുന്നതിന് നിയമാനുസരണം നടപടി പൂർത്തിയാക്കി സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി ക്രമപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള റോഡുകൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തത് കാരണം കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ അനുവദിക്കുമ്പോൾ വാർഷിക വസ്തുനികുതി ഇനത്തിൽ വളരെ നഷ്ടം സംഭവിക്കുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള അഞ്ച് മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾ കണ്ടെത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും പ്രസ്തുത കെട്ടിങ്ങളുടെ വസ്തുനികുതി

തുക പുനർ നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ഒറ്റ തവണ കെട്ടിട നികുതി അടവാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത്. ഉദാഹരണത്തിനായി കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ, അനുവദിച്ച തീയതി | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 2/370A, 10.08.2021 | അനി എബ്രഹാം, മൂഴിമലയിൽ, അശമന്നൂർ | പാർപ്പിടം |
| 2 | 4/25A, 20.01.2022 | ജോർജ്ജ് ടി.വി, തോക്കനാൽ, നെടുങ്ങപ്ര പി.ഒ | പാർപ്പിടം |
| 3 | 5/187A,B,C,D, 03.03.2022 | പരമേശ്വരൻ നായർ, കുടിയിലാൻ, അശമന്നൂർ പി.ഒ | വാണിജ്യം & പാർപ്പിടം |
| 4 | 6/243A,B,C,D,E,F,G,H,I,J 21.12.2021 | ഷാജി, പാലമൂടൻ, നൂലേലി, അശമന്നൂർ പി.ഒ | സ്പെഷ്യൽ റെസിഡൻസ് |
| 5 | 8/328D, 16.10.2021 | അബ്ദുൾ റഹിം, ഇഞ്ചിക്കുടി, ഏക്കുന്നം, അശമന്നൂർ പി.ഒ | പാർപ്പിടം |
| 6 | 9/268E,14.03.2022 | അബ്ദുൾ കരീം, തേലക്കാട്, ഇരമല്ലൂർ പി.ഒ | വാണിജ്യം |
| 7 | 10/351A, 23.03.2022 | മുഹമ്മദ് ടി.വി, തേലംപുറം, അല്ലപ്ര പി.ഒ | വ്യവസായം |
| 8 | 13/330B, 10.01.2022 | സാജു പാപ്പു, ഈട്ടുങ്ങൽ, ഒക്കൽ പി.ഒ | വ്യവസായം |
| 9 | 7/411 A,B,C | അൻഷാദ് കെ.എച്ച്, കുറ്റിച്ചിറ, പാനിപ്ര പി.ഒ | വ്യവസായം |

സർക്കാർ ഉത്തരവിന് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 22.09.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നികുതി അടവാക്കിയിട്ടുള്ള രസീത് ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന അൺ ഓതറൈസ്ഡ് (യു.എ) രജിസ്റ്ററിൽ നാളിതുവരെ വിവിധ വാർഡുകളിലായി പാർപ്പിടം, വാണിജ്യം, വ്യവസായം എന്നീ ആവശ്യങ്ങൾക്കായി അനധികൃതമായി നിർമ്മിച്ചിട്ടുള്ള ആകെ 24 കെട്ടിടങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം യു.എ നമ്പരിൽ ആകെ 2 കെട്ടിടങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതുമൂലം പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി തുക ഈടാക്കുന്നതിനായി സാധിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | യു.എ രജിസ്റ്റർ പ്രകാരം അനധികൃത കെട്ടിടങ്ങളുടെ എണ്ണം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അനധികൃത കെട്ടിടങ്ങളുടെ എണ്ണം | വ്യത്യാസം |
|---|---|---|---|
| 1 | 3 | 0 | 3 |
| 8 | 2 | 0 | 2 |
| 10 | 3 | 0 | 3 |
| 12 | 1 | 1 | 0 |
| 13 | 1 | 1 | 0 |
| 14 | 14 | 0 | 14 |
| ആകെ | 24 | 2 | 22 |

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 235എഎ- നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ-(1) ഈ ആക്ടിലോ അതിൻ കീഴിലോ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന നടപടിക്ക് ഹാനി കൂടാതെ, കെട്ടിടംപണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, വസ്തുനികുതിയായി നൽകുവാൻ ആയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

യു.എ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി ഈടാക്കാത്തതിനും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി കാലികമാക്കാത്തതിന്റെയും കാരണം വിശദമാക്കുന്നതിനുമായി 22.09.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്

## 1-14 സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന അശമന്നൂർ പ്രൈമറി ഹെൽത്ത് സെന്റർ ഹെൽത്ത് ഇൻസ്പെക്ടർ നൽകിയിട്ടുള്ള സാനിട്ടറി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണവും തമ്മിൽ വ്യത്യാസം ഉണ്ട്. ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനെക്കാളും കൂടുതൽ ജീവനക്കാർ പല സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നുണ്ടെന്ന് സാനിട്ടറി സർട്ടിഫിക്കറ്റിലെ പ്രസ്തുത രേഖപ്പെടുത്തലുകൾ പ്രകാരം വ്യക്തമാണ്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ലൈസൻസ് അപേക്ഷ, രജിസ്റ്ററുകൾ എന്നിവ പരിശോധിക്കാതെ സ്ഥാപന ഉടമ സമർപ്പിച്ചിരിക്കുന്ന തൊഴിൽ നികുതി അസെസ്മെന്റ് പത്രികയിലെ ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുവാനായി സാധിച്ചിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്ത ജീവനക്കാരുടെ എണ്ണത്തിലുള്ള വ്യത്യാസം സംബന്ധിച്ച ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം./തീയതി | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ | സാനിട്ടറി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന | തൊഴിൽ നികുതി ഈടാക്കാത്ത ജീവനക്കാരുടെ |
|---|---|---|---|---|---|

| | | | എണ്ണം | ജീവനക്കാരുടെ എണ്ണം | എണ്ണം |
|---|---|---|---|---|---|
| 1 | 1/2021-22 | Megha Ply & Boards | 70 | 37 | 33 |
| 2 | 2/2021-22 | Seven Star Plywood & Block Boards | 65 | 21 | 44 |
| 3 | 4/2021-22 | Santro Wood Products | 65 | 30 | 35 |
| 4 | 5/2021-22 | Star Plywood Industries | 42 | 23 | 19 |
| 5 | 8/2021-22 | Metro Ply & Boards | 65 | 15 | 50 |
| 6 | 9/2021-22 | Thanima Ply & Boards | 65 | 15 | 50 |
| 7 | 12/2021-22 | Wood Planet Industries | 60 | 19 | 41 |
| 8 | 13/2021-22 | Al-Ameen Wood Industries | 60 | 14 | 46 |
| 9 | 16/2021-22 | AMA Ply & Boards | 45 | 18 | 27 |
| 10 | 17/2021-22 | Icon Ply | 63 | 15 | 48 |
| 11 | 23/2021-22 | Hilton Industries | 60 | 20 | 40 |
| 12 | 31//2021-22 | Malasian Ply & Boards | 40 | 15 | 25 |
| 13 | 35/2021-22 | Universal Plywoods | 60 | 15 | 45 |
| 14 | 72/2021-22 | Citizen Timbers | 60 | 20 | 40 |
| 15 | 76/2021-22 | Amina Ply Woods | 43 | 15 | 28 |
| 16 | 77/2021-22 | Udaya Ply & Boards | 45 | 15 | 30 |
| 17 | 80/2021-22 | Chaithanya Plywood Industries | 55 | 19 | 36 |
| 18 | 82/2021-22 | Suvarna Ply Products | 60 | 19 | 41 |
| 19 | 88/2021-22 | King Plyw | 45 | 15 | 30 |
| 20 | 92/2021-22 | KMA Wood Pvt Ltd | 61 | 20 | 41 |
| 21 | 94/2021-22 | Quality Ply & Boards | 60 | 15 | 45 |
| 22 | 95/2021-22 | Pioneer Plywood & Boards | 60 | 15 | 45 |
| 23 | 118/2021-22 | Atlas Plywoods | 60 | 20 | 40 |

| | | | | | |
|---|---|---|---|---|---|
| 24 | 127/2021-22 | Real Wood Industries | 60 | 12 | 48 |
| 25 | 181/2021-22 | Smart Tech | 62 | 20 | 42 |
| 26 | 194/2021-22 | Evergreen Ply & Boards | 60 | 19 | 41 |
| 27 | 202/2021-22 | Radius Plywood | 60 | 20 | 40 |

പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കാതെ കുറച്ച് ജീവനക്കാരുടെ മാത്രം തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 22.09.2022 ൽ നൽകിയി ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന ഉടമ സമർപ്പിക്കുന്ന തൊഴിൽ നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഉറപ്പ് വരുത്താതെ തൊഴിൽ നികുതി ഈടാക്കുന്നതിനാൽ പഞ്ചായത്തിന് നികുതി ഇനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ വളരെ നഷ്ടം സംഭവിക്കുന്നുണ്ട്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതിനോടൊപ്പം പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരം കൂടി ഉൾപ്പെടുത്തി ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്യുന്നതിലൂടെ എല്ലാ ജീവനക്കാരും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിക്കുകയും ചെയ്യും. അപാകതകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഓഡിറ്റ് ഇംപാക്ട്

ശ്രീ. സാജു പാപ്പു, മാനേജിംഗ് പാർട്ട്ണർ, റൈസ് കോ അഗ്രോ ഫുഡ്സ്, തലപ്പുഞ്ച, വാഴ്ക്കര പി.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 13/330B നമ്പർ വ്യവസായ ആവശ്യത്തിനുള്ള ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിൽ 599.5 കുതിര ശക്തിയുള്ള ഇലക്ട്രിക്ക് മോട്ടർ സ്ഥാപിക്കുന്നതിനായി ഫീസ് ഈടാക്കിയതിൽ 2995/- രൂപ കുറവ് വന്നിട്ടുള്ളതിന്റെ കാരണം വിശദമാക്കുന്നതിനായി 22.09.2022 ലെ ഓഡിറ്റ് എൻക്വയറി നം.18 പ്രകാരം ആവശ്യപ്പെട്ടിരുന്നു. കുറവ് വന്ന തുകയായ 2995/- രൂപ 22.09.2022 തീയതിലെ 1220301438 രസീത് നമ്പർ പ്രകാരം അടവാക്കിയിട്ടുണ്ട്.

## 1-16 സാക്ഷരതാ പ്രേരകിന് ഓണറേറിയം-തിരികെ ലഭ്യമായില്ല

സ ഉ (സാധാ) നം.626/2021/തസ്വഭവ തീയതി 26.02.2021 നമ്പർ ഉത്തരവിൽ കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരക്മാരുടെ 2020 ഡിസംബർ, 2021 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഓണറേറിയം സാക്ഷരതാ മിഷൻ പിന്നീട് തദ്ദേശസ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് സാക്ഷരതാ പ്രേരകിന് ഓണറേറിയം നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|

| | |
|---|---|
| 22100033/08.04.2021 | 17920 |
| 22100034/08.04.2021 | 10120/- |
| 22100067/27.04.2021 | 10640/- |
| ആകെ | 38680/- |

തനതുഫണ്ടിൽ നിന്ന് നൽകിയ 38,680/- രൂപ സാക്ഷരതാ മിഷനിൽ നിന്ന് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 20.09.2022 ൽ 13ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. സർക്കാർ ഫണ്ട്, പ്രേരക് ഓണറേറിയം ഇനത്തിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ, സാക്ഷരതാ മിഷന് ഓണറേറിയം അനുവദിക്കാൻ കഴിയില്ലെന്നും സ ഉ (സാധാ) നം.626/2021/തസ്വഭവ തീയതി 26.02.2021 നമ്പർ ഉത്തരവ് പ്രകാരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ മേൽപ്പറഞ്ഞ കാലയളവിലെ ഓണറേറിയം സാക്ഷരതാ പ്രേരക്മാർക്ക് അനുവദിച്ച് നൽകേണ്ടതാണെന്നും നിർദ്ദേശിച്ചുള്ള കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ 12.08.2021 ലെ എ6-494/2021/കേ.സം.സാ.മി.അ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ മേൽ തുക തിരികെ ലഭിക്കുകയില്ലെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. സാക്ഷരതാ മിഷൻ പിന്നീട് തദ്ദേശസ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്ന് ഓണറേറിയം നൽകുന്നതിന് പ്രസ്തുത ഉത്തരവിൽ സർക്കാർ അനുമതി നൽകിയിരുന്നത്. ആയതിനാൽ സർക്കാർ ഉത്തരവ് പ്രകാരം തുക സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

1-17 കാലിത്തീറ്റ -കൈകാര്യ ചെലവ് ലഭ്യമാകാൻ അവശേഷിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S0194/22<br>കറവപ്പശുക്കൾക്ക് കാലിത്തീറ്റ |
| അടങ്കൽ തുക | 993600/-(496800/- വികസന ഫണ്ട്-ജനറൽ,<br>496800/- ഗുണഭോക്തൃവിഹിതം) |
| ആകെ ചെലവ് തുക | 495720/-(165240/- വികസന ഫണ്ട്-ജനറൽ,<br>330480/- ഗുണഭോക്തൃവിഹിതം) |
| ബിൽ നമ്പർ/<br>തീയതി | 233/2021-22 തീയതി 11.02.2022 |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പ്രോജക്ട് പ്രകാരം കേരള ഫീഡ്സ്, കല്ലേറ്റുംകര, ഇരിഞ്ഞാലക്കുട എന്ന സ്ഥാപനത്തിൽ നിന്നും 50 കിലോ വീതം വരുന്ന 544 ചാക്ക് കാലിത്തീറ്റ വാങ്ങി ക്ഷീര കർഷകർക്ക് നൽകിയിട്ടുണ്ട്. കേരള ഫീഡ്സുമായി നിർവ്വഹണോദ്യോഗസ്ഥൻ ചമച്ച കരാറിലെ ക്രമ നം.9 ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം കാലിത്തീറ്റയുടെ ഇറക്ക് കൂലിയും അനുബന്ധ ചെലവുകളും വഹിക്കുന്നതിനുള്ള ചെലവായി ഓരോ ചാക്കിനും 30/-രൂപ വീതം വെറ്ററിനറി സർജന് നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം കൈകാര്യ ചെലവിനത്തിൽ കേരള ഫീഡ്സിൽ നിന്നും ലഭ്യമാകേണ്ട 16320/- രൂപ (30x544) ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 17.09.2022 ൽ 1ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പനിച്ചയം ആപ്കോസ്-ന് 10560/- രൂപയും, മേതല ആപ്കോസ്-ന് 5760/- രൂപയുമാണ് ലഭ്യമാകേണ്ടത്. ഇതിൽ പനിച്ചയം ആപ്കോസ്-ന്റെ അക്കൗണ്ട് പ്രവർത്തന രഹിതമായതിനാൽ തുക കൈമാറാൻ സാധിച്ചില്ലെന്നാണ് കേരള ഫീഡ്സ് അറിയിച്ചതായി നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയത്. 01.09.2022 ൽ പുതിയ അക്കൗണ്ട് വിവരങ്ങൾ സമർപ്പിച്ചെങ്കിലും തുക ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് വെറ്ററിനറി സർജൻ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. കൈകാര്യ ചെലവ് ഇനത്തിൽ ലഭിക്കാനവശേഷിക്കുന്ന 5760/- രൂപ ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-18 ആട് വളർത്തൽ പദ്ധതി-(വനിത)- മാനദണ്ഡം പാലിച്ചില്ല.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S018/22<br>ആട് വളർത്തൽ-വനിത |
| അടങ്കൽ തുക | 15,52,000/-<br>(775513/- വികസന ഫണ്ട്-ജനറൽ,<br>487/- തനതുഫണ്ട്,<br>776000/- ഗുണഭോക്തൃവിഹിതം) |
| ആകെ ചെലവ് തുക | 80,000/-<br>(80,000/- വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ/<br>തീയതി | 262/2021-22 തീയതി 24.02.2022 |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ 20 ആടുകളെ വാങ്ങിയതിന് 50% സബ്സിഡി അനുവദിച്ച് നൽകിയിട്ടുണ്ട്. 8000/-രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കിയാണ് 50% ആയ 4000/- രൂപ സബ്സിഡി തുക അനുവദിച്ചിരിക്കുന്നത്. എറണാകുളം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 20.03.2020 ലെ ഉത്തരവ് നമ്പർ 61139/20/ ഡി പി സി/ ഡി പി ഒ/ഇ കെ എം തീയതി 20.03.2020 പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കാണ് പദ്ധതിയ്ക്ക് ബാധകമായിട്ടുള്ളത്. ആയത് പ്രകാരം ആട് (മലബാറി 1 വയസ്സ്, 20 Kg And Above) 8000/-രൂപ ആണ് യൂണിറ്റ് കോസ്റ്റ്. പദ്ധതിയിൽ വാങ്ങിയ ആടുകൾ 1 വയസ്സ് പ്രായമുള്ളവയാണെങ്കിലും 20 കിലോ ഗ്രാമിൽ താഴെ മാത്രമാണ് തൂക്കം രേഖപ്പെടുത്തിയിട്ടുള്ളത്. വാങ്ങൽ നടത്തുമ്പോൾ മാനദണ്ഡങ്ങളെല്ലാം പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തി സബ്സിഡി അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 ഭരണസമിതി തീരുമാനങ്ങൾ-തുടർനടപടികൾ ലഭ്യമാക്കിയിട്ടില്ല.

1) ഗ്രാമപഞ്ചായത്തിലെ വാർഡ് നം 7ലെ 101ാം നമ്പർ അംഗൻവാടി കാലപ്പഴക്കത്താൽ നശിച്ചുപോയതാണെന്ന് അംഗൻവാടി വർക്കർ അറിയിച്ചതിനെ തുടർന്ന് ആയതിൽ തുടർനടപടി സ്വീകരിക്കുന്നതിനായി അസി.എഞ്ചിനീയറോട് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം നം.24(1)തി.7.10.2021പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2) ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വാട്ടർ അതോരിറ്റിയുടെ ജലജീവൻ മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡ് വെട്ടിപ്പൊളിച്ചിരിക്കുന്നതിനാൽ പ്രസ്തുത ഭാഗത്തുകൂടിയുള്ള റോഡ് സഞ്ചാരയോഗ്യമല്ലാതായിരിക്കുകയാണെന്നും ആയതിന് നഷ്ടപരിഹാരം ഈടാക്കണമെന്ന ആവശ്യം ഉയർന്ന് വന്നതിനെ തുടർന്ന് ഇത് സംബന്ധിച്ച് വാട്ടർ അതോരിറ്റിയിൽനിന്നും വിശദീകരണം ആവശ്യപ്പെടുന്നതിന് സെക്രട്ടറിയെ ഭരണസമിതി തീരുമാനം നം.23(1)തി.11.6.2021 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഈ തീരുമാനങ്ങളുടെ തുടർനടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/22.9.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-20 ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്ക് ധനാഗമ മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂൾ നല്ല നിലയിൽ പ്രവർത്തിക്കുന്നതായി ഇത് സംബന്ധിച്ച് ലഭ്യമാക്കിയ വിവരങ്ങളിൽനിന്നും മനസ്സിലാക്കുന്നു. 28വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്കൂളിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിക്കുകയും വകുപ്പിൽനിന്നുമുള്ള ഗ്രാന്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ലഭ്യമായ തുകകളുടെ അപര്യാപ്തത സ്കൂളിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽനിന്നുമുള്ള പദ്ധതി വിഹിതം ഉപയോഗിച്ച് ജീവനക്കാരുടെ ഓണറേറിയം ഉൾപ്പെടെയുള്ള ചെലവുകൾ നടത്തുകയും വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിക്കുന്ന ഗ്രാന്റ് സർക്കാർ

ഉത്തരവ് നം.2517/2011/എൽ.എസ്.ജി.ഡി തി.31.10.2011 ൽ നിഷ്കർഷിക്കുന്ന വിധം ഗ്രാമപഞ്ചായത്തിലേക്ക് റീക്ലപ്പ് ചെയ്യുകയുമാണ് ചെയ്യുന്നത്. എന്നാൽ സർക്കാർ ഉത്തരവ് നം.148/09 /ത.സ്വ.ഭ.വ തീ.29.7.2009 ഉത്തരവിലെ ഉപഖണ്ഡിക 15ൽ പറയുന്ന പ്രകാരം ഗ്രാമപഞ്ചായത്തിൽനിന്നുള്ള ധനസഹായമല്ലാതെ സ്വന്തമായി ധനസമാഹരണം നടത്തുന്നില്ല. ആയതിനുള്ള സാധ്യതകൾ കണ്ടെത്തേണ്ടതുണ്ട്. സർക്കുലർ നം.77737/എഫ്.എം നം1/2010 തീ.1.4.2011ൽ പറയുന്ന പ്രകാരം യാത്രക്ക് സ്കൂൾ വാഹനം ഉപയോഗിക്കുന്ന സ്കൂളുകൾക്ക് കുട്ടികളുടെ യാത്രാബത്ത നല്കേണ്ടതില്ലാത്തതിനാൽ തത്തുല്യമായ തുക ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിന് നൽകാവുന്നതാണ്.അശമന്നൂർ ഗ്രാമപഞ്ചായത്തിൽ യാത്രക്ക് സ്കൂൾ വാഹനം ഉള്ളതിനാൽ യാത്രാബത്ത നൽകുന്നില്ല.ആയതിനാൽ തത്തുല്യമായ തുക ബഡ്സ് സ്കൂളിന് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.ഇപ്രകാരം ബഡ്സ് സ്കൂളിന് കൂടുതൽ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്താവുന്നതിന്റെ സാധ്യതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-21 അങ്കണവാടികളിൽ അനുപൂരക പോഷകാഹാരം. കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

പ്രൊജക്ടിന്റെ പേര്: അങ്കണവാടികളിൽ അനുപൂരക പോഷകാഹാരവിതരണം.

പ്രൊജക്ട് നം:39/22

ചെലവ് തുക: 20,36,974/-രൂപ.

ഈ പ്രൊജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകം ശ്രദ്ധയിൽ പെട്ടു.

1) കുടിശ്ശിക തുക കൃത്യമായി രേഖപ്പെടുത്തപ്പെടുന്നില്ല.

മുകളിൽ കാണിച്ച ചെലവ് തുകയിൽ 10,00,000/- രൂപ നൽകിയിരിക്കുന്നത് ബിൽ നം.21120752000300202556 തീ.14.7.2021 പ്രകാരമാണ്. ഇതിൽ 652452/- രൂപയും നൽകിയിരിക്കുന്നത് 2020-21 വർഷത്തിലെ കുടിശ്ശിക തുകയായാണ്. ഈ കുടിശ്ശിക തുകയുടെ കൃത്യത മനസ്സിലാക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പക്കൽ കൃത്യമായ ഔദ്യോഗിക രേഖപ്പെടുത്തലുകൾ ഇല്ല. മാത്രമല്ല 2020-21ലെ കുടിശ്ശിക തുക പൂർണ്ണമായും ഓഡിറ്റ് വർഷത്തിൽ നൽകിയിട്ടില്ലയെന്ന് ഓജസ് ന്യൂട്രിമിക്സ് യൂണിറ്റിൽനിന്നുമുള്ള ബില്ലുകളിൽനിന്നും മനസ്സിലാക്കുന്നു. ഉദാഹരണമായി ക്യാഷ് ബിൽ നം.138/12.3.2021 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന 20700/- രൂപയിൽ തൻവർഷം നൽകിയതായി കാണുന്നത് 7223/- രൂപ മാത്രമാണ്. അവശേഷിക്കുന്ന തുക കുടിശ്ശികയായി ഇപ്പോഴും തുടരുന്നുവോയെന്ന് വ്യക്തമല്ല. കുടിശ്ശിക തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടുവരുകയോ അല്ലയെങ്കിൽ കുടിശ്ശിക തുക നൽകുന്നതിന് പ്രത്യേക പ്രജക്ട് രൂപീകരിക്കാത്തതിനാലുമാണ് ഇത്തരത്തിൽ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിക്കാതെ വരുന്നത്. ഇക്കാര്യത്തിലേക്ക് ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/17.09.2022) ലഭ്യമാക്കിയ മറുപടിയിൽ ആധികാരികമായി കുടിശ്ശിക രേഖപ്പെടുത്തിയിരിക്കുന്ന രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല).

ജി.എസ്.ടി തുക ഈടാക്കൽ-വ്യക്തത വരുത്തേണ്ടതാണ്.

ന്യൂട്രിമിക്സ് വാങ്ങിയതിന്റെ ഇനത്തിൽ ഓജസ് ന്യൂട്രിമിക്സിന് തുക നൽകിയിരിക്കുന്നതിൽ 12/2021വരെയുള്ള ബില്ലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക നൽകിയപ്പോൾ 1/2021മുതലുള്ള ബില്ലുകളിൽ ജി.എസ്.ടി ഒഴിവാക്കിയുള്ള തുകയാണ് നൽകിയിരിക്കുന്നത്.ജി.എസ്.ടി ഈടാക്കണമോയെന്ന കാര്യത്തിലുള്ള വ്യക്തതക്കുറവ് കാരണമാണ് 1/21 മുതൽ ആയത് ഈടാക്കാത്തതെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിക്കുകയുണ്ടായി.

കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് ടി.എച്ച്.ആർ.എസ് പ്രോഗ്രാമിന്റെ ഭാഗമായി അങ്കണവാടികൾ

വഴി വീടുകളിലേക്ക് വിതരണം ചെയ്യുന്ന അനുപൂരക പോഷകാഹാര പദ്ധതികൾക്ക് ബാധകമാണോയെന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നതാണ് ആശയക്കുഴപ്പത്തിനാധാരമെന്ന് നിർവ്വഹണോദ്യാഗസ്ഥ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 മുൻകൂർ തുക 'കില'യിൽ നിന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ദിശാബോധം നൽകുന്നതിനും, നേതൃത്വപരമായ ശേഷി വർദ്ധിപ്പിക്കുന്നതിനുമായി ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. 'കില' യുടെ 08.09.2021 ലെ 2021/101/3269/HQ/Asst T1 നമ്പർ കത്ത് പ്രകാരം പരിശീലന ചെലവുകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടുപയോഗിച്ച് നിർവ്വഹിക്കേണ്ടതും, ആയതിന്റെ ബില്ലുകളും വൗച്ചറുകളും ഹാജരും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സമർപ്പിച്ച് കിലയിൽ നിന്ന് ചെലവ് തുക തിരികെ ലഭ്യമാക്കേണ്ടതുമാണ്. പരിശീലന പരിപാടി സംഘടിപ്പിച്ചതിന് വിവിധ വൗച്ചറുകൾ പ്രകാരം പഞ്ചായത്തിൽ നിന്ന് ആകെ 16099/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 22100492/26.08.2021 | 3450/- |
| 22100493/26.08.2021 | 1800/- |
| 22100500/26.08.2021 | 450/- |
| 22100542/06.09.2021 | 3900/- |
| 22100543/06.09.2021 | 1425/- |
| 22100709/09.11.2021 | 3115/- |
| 22100555/08.09.2021 | 1959/- |
| ആകെ | 16099/- |

ലഭ്യമാകാനുള്ള 16099/- രൂപയിൽ 11541/- രൂപ മാത്രമാണ് തിരികെ ലഭ്യമായിട്ടുള്ളത്. 4558/- രൂപ ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. അവശേഷിച്ച തുക ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ 20.09.2022 ലെ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ചെലവ് രേഖകൾ കിലയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കി. ലഭ്യമാകാൻ അവശേഷിക്കുന്ന 4558/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 തെറ്റായ നിരക്കിലെ താരിഫ് നിർണ്ണയം മൂലം ഉയർന്ന വൈദ്യുതി ചാർജ് ഒടുക്കുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സാന്ത്വനം ബഡ്സ് സ്കൂളിന്റെ വൈദ്യുതി ചാർജിന്റെ താരിഫ് നിർണ്ണയത്തിലെ അപാകത മൂലം ഇരട്ടിയിലധികം ഉയർന്ന തുകയാണ് ഈയിനത്തിൽ ഒടുക്കി വരുന്നത്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 560/DD(T)/2018/KSERC തീയതി 08.07.2019 നമ്പർ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവയ്ക്ക് ബാധകമായിട്ടുള്ളത് LT 6D താരിഫ് ആണ്. എന്നാൽ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ ബഡ്സ് സ്കൂളിന്റെ വൈദ്യുതി ചാർജ് കണക്കാക്കിയിട്ടുള്ളത് കമ്പ്യൂട്ടർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്സ്, സ്വകാര്യ കോച്ചിംഗ്/ ട്യൂഷൻ സെന്ററുകൾ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ബാധകമായിട്ടുള്ള LT 6F താരിഫ് നിരക്കിലാണ്. LT 6D, LT 6F എന്നിവ പ്രകാരമുള്ള വൈദ്യുതി നിരക്ക് താഴെ ചേർക്കുന്നു.

| | LT 6D | LT 6F |
|---|---|---|
| (എ)ഫിക്സഡ് ചാർജ് | 35 | സിംഗിൾ ഫേസ് 70 |
| | | ത്രീ ഫേസ് 140 |

| | | |
|---|---|---|
| (ബി) എനർജി ചാർജ് (Rs.kWh) | 2.10 | |
| 0 മുതൽ 100 യൂണിറ്റ് വരെ പ്രതിമാസം | | 5.80 |
| 0 മുതൽ 200 യൂണിറ്റ് വരെ പ്രതിമാസം | | 6.50 |
| 0 മുതൽ 300 യൂണിറ്റ് വരെ പ്രതിമാസം | | 7.20 |
| 0 മുതൽ 500 യൂണിറ്റ് വരെ പ്രതിമാസം | | 7.80 |
| 500 യൂണിറ്റിന് മുകളിൽ പ്രതിമാസം | | 9.00 |

07/2021 ലെ (ദ്വൈമാസ) ബില്ലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു (വൗച്ചർ നം.22100303/09.07.2021)

| | |
|---|---|
| കൺസ്യൂമർ നം | 1155887015611 |
| ബിൽ നം | 5588201101712/03.07.2021 |
| താരിഫ് | LT 6F |
| വൈദ്യുതി ചാർജ് | 984/- രൂപ |

വൈദ്യുതി കണക്ഷന്റെ (സിംഗിൾ ഫേസ്) കണക്റ്റഡ് ലോഡ് 820 വാട്ട്സും 07/2021 ലെ ദ്വൈമാസ ബിൽ പ്രകാരമുള്ള ഉപഭോഗം കണക്കാക്കിയിട്ടുള്ളത് 130 യൂണിറ്റും ആണ്. ഇത് പ്രകാരം ഫിക്സഡ് ചാർജ്, എനർജി ചാർജ് എന്നിവയിൽ മാത്രം വരുന്ന വ്യത്യാസം താഴെ ചേർക്കുന്നു.(ബില്ലിൽ യൂണിറ്റിന് 5.80 രൂപ നിരക്കിലാണ് എനർജി ചാർജ് കണക്കാക്കിയിട്ടുള്ളത്)

| | LT 6F | LT 6D | വ്യത്യാസം |
|---|---|---|---|
| ഫിക്സഡ് ചാർജ് | 140/-<br>(70x2 മാസം) | 70/-<br>(35x2 മാസം) | 70 |
| എനർജി ചാർജ് | 754/-<br>(130x5.80) | 273/-<br>(130x2.10) | 481 |
| ആകെ | 894 | 343 | 551 |

തെറ്റായ നിരക്കിൽ വൈദ്യുതി ചാർജ് നിർണ്ണയിക്കുന്നത് മൂലം ഫികസ്ഡ് ചാർജ്, എനർജി ചാർജ് എന്നിവയിൽ മാത്രം 551/- രൂപ ഈ ബില്ലിൽ അധികം അടവാക്കിയതായി കാണുന്നു. ഇക്കാര്യം കെ എസ് ഇ ബി യുടെ ശ്രദ്ധയിൽപ്പെടുത്തി തിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാനാവശ്യപ്പെട്ട് 19.09.2022 ൽ നൽകിയ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് താരിഫ് നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതിന് കെ എസ് ഇ ബി-ക്ക് കത്ത് നൽകിയതിന്റെ രേഖകൾ പഞ്ചായത്ത് ഹാജരാക്കി. തെറ്റായ താരിഫ് നിർണ്ണയം തിരുത്തി അധികം അടവാക്കി വരുന്ന തുക ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 പൊതുടാപ്പുകളുടെ വെള്ളക്കരം-കുടിശ്ശിക ക്രമീകരിച്ചില്ല

പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വാട്ടർ ചാർജ് 04.06.2021 ലെ 52686 നം ബിൽ പ്രകാരം ആകെ 1313208/- രൂപയാണ്. ബില്ലിൽ 166 ടാപ്പുകളുടെ (5512.5/- രൂപ നിരക്കിൽ) തൻമാസ ഡിമാൻഡ് 76263/- രൂപ കൂടാതെ 31.05.2021 വരെയുള്ള കുടിശ്ശിക 1213149/- രൂപയും ഫൈൻ 23796/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്. വാട്ടർ ചാർജിനത്തിൽ ഇത്രയും തുക കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാനും ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുവാനുമാവശ്യപ്പെട്ട് 17.09.2022 ൽ 2ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കൂടാതെ വാട്ടർ അതോറിട്ടി നൽകുന്ന ബില്ലിലെ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച കൃത്യത ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന വിവരവും അറിയിക്കുവാൻ എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ വെള്ളക്കരം എല്ലാ മാസവും കൃത്യമായി അടവാക്കി വരുന്നതാണെന്നാണ് അറിയിച്ചത്. മുൻപ് നിലനിന്ന കുടിശ്ശിക പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവയുടെ സ്രോതസ്സിൽ നിന്നും സർക്കാർ കുറവ് ചെയ്തെങ്കിലും വാട്ടർ അതോറിട്ടി കുടിശ്ശികയിൽ കുറവ് ചെയ്തില്ലെന്നും ഇക്കാര്യം കേരള വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ച് കത്ത് നൽകിയിട്ടും ക്രമീകരിച്ച്

നൽകിയിട്ടില്ലെന്നും മറുപടിയിൽ വിശദീകരിച്ചു. നിലവിലുള്ള കുടിശ്ശിക ഏത് കാലയളവിലേതാണെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടിട്ടും വാട്ടർ അതോറിട്ടി മറുപടി ലഭ്യമാക്കിയിട്ടില്ല.

പൊതുടാപ്പുകൾ പലതും ഉപയോഗശൂന്യമായതിനാൽ വാട്ടർ അതോറിട്ടി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗം ഇല്ലാത്ത കണക്ഷൻ വിച്ഛേദിക്കുവാൻ 16.08.2021 തീയതിയിൽ 10(1) നമ്പർ തീരുമാനം എടുത്ത് കത്ത് നൽകിയിരുന്നു. 27.09.2021 തീയതി മുതൽ സംയുക്ത പരിശോധന നടത്താൻ വാട്ടർ അതോറിട്ടി കുറുപ്പംപടി ഓഫീസ് തയ്യാറാണെന്ന് 20.09.2021 ലെ PHSK-19/17 നമ്പർ കത്തിൽ വാട്ടർ അതോറിട്ടി അസിസ്റ്റന്റ് എഞ്ചിനിയർ അറിയിപ്പ് നൽകിയെങ്കിലും സംയുക്ത പരിശോധന നടന്നിട്ടില്ല. പഞ്ചായത്തിലെ കുടിശ്ശിക ബില്ലുകൾ അദാലത്തിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിന് പഞ്ചായത്ത് 23.08.2022 ൽ സി1-4403/2021 നമ്പർ കത്ത് നൽകിയിട്ടുണ്ട്. വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-25 മഴക്കാലപൂർവ്വ ശുചീകരണം-ചെലവഴിക്കാത്ത മുൻകൂർ തിരിച്ചടച്ചില്ല

മഴക്കാലപൂർവ്വ ശുചീകരണത്തിനായി 31.08.2021 ലെ വൗച്ചർ നമ്പർ 22100511 പ്രകാരം വാർഡ് ഒന്നിന് 10000/- രൂപ നിരക്കിൽ 14 വാർഡുകളിലേക്കായി ആകെ 140000/- രൂപ തനതുഫണ്ടിൽ നിന്ന് മെഡിക്കൽ ഓഫീസർ, പി എച്ച് സി-ക്ക് നൽകിയിട്ടുണ്ട്. വാർഡ് നമ്പർ 7 ൽ ഈയിനത്തിൽ ലഭ്യമായ 10000/- രൂപയിൽ 8750/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 1250/- രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 20.09.2022-ൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ചെലവഴിക്കാത്ത തുക 1250/-രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിൽ നിലവിലുണ്ടെന്നും സാങ്കേതിക പ്രശ്നങ്ങൾ മൂലം പഞ്ചായത്തിൽ തിരികെ അടവാക്കാൻ സാധിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക എത്രയും പെട്ടെന്ന് തിരികെ അടവാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു. ചെലവഴിക്കാത്ത തുക 1250/- രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-26 പുറമ്പോക്ക് കൈയേറിയെന്ന പരാതി-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിലെ മൂന്നാം വാർഡിൽ ശ്രീ.വിജു മോളേൽ എന്നയാളുടെ പുരയിടത്തിന് പുറകിലുള്ള പുറമ്പോക്കിൽ അമ്പലംപടി-കോലാഞ്ഞിക്കുടി റോഡിൽ കുന്നയ്ക്കാമഠത്തിൽ ബിനു എന്ന രവീന്ദ്രൻ, ഭാര്യ പ്രീതി എന്നിവർ പുറമ്പോക്ക് കൈയേറിയെന്ന പരാതി ലഭിച്ചിരുന്നു. 06.09.2021 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 22/1ാം നമ്പർ തീരുമാനത്തിൽ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്താൻ താലൂക്ക് സർവേയർക്ക് കത്ത് നൽകുന്നതിന് തീരുമാനമെടുക്കുകയും 25.09.2021 ൽ താലൂക്ക് സർവേയർക്ക് സി1-1398/2021 നമ്പർ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 17.09.2022 ലെ 3ാം നമ്പർ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ഫയൽ ഹാജരാക്കിയെങ്കിലും താലൂക്ക് സർവേയർക്ക് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിന് കത്ത് നൽകി ഒരു വർഷം കഴിഞ്ഞിട്ടും കൈയേറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പാക്കുകയോ അതിന് അനുസൃതമായി തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 169(5) ൽ പഞ്ചായത്തിന്റെ മുൻകൂർ അനുമതി കൂടാതെ പുറമ്പോക്ക് കൈവശപ്പെടുത്താൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പുറമ്പോക്കിൽ കൈയേറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പാക്കി നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-27 മരാമത്ത് പ്രവർത്തികൾ - അപാകങ്ങൾ

മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1) റോഡ് പ്രവർത്തികൾ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

റോഡ് ടാറിംഗ്/കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ

ഒരു റോഡിൽ തന്നെ ഒരേ വർഷമോ വിവിധ വർഷങ്ങളിലോ വ്യത്യസ്ത പ്രൊജക്ടുകൾ വെച്ച് പ്രവൃത്തി നടപ്പിലാക്കുമ്പോൾ Overlapping വന്നിട്ടില്ലയെന്ന് ഉറപ്പിക്കുന്നതിന് സാധിക്കുന്നില്ല. ഉദാഹരണമായി വഴിപ്പുഴ-പൊക്കത്തായി പടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവർത്തിക്കായി 2019-20 വർഷത്തിൽ 103/20 പ്രൊജക്ടിൽ 4,98,837/- രൂപയും ഇതേ പേരിൽ തന്നെ 2021-22 വർഷത്തിൽ പ്രൊജക്ട് നം.146/22 ന്റെ ഭാഗമായി 81430/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

2) കരാർ ഉടമ്പടികളിൽ പൂർത്തീകരണ തിയ്യതി ചേർക്കുന്നില്ല.

പ്രവൃത്തി ഏൽപ്പിക്കുന്ന കരാറുകാരുമായി ചമക്കുന്ന കരാർ ഉടമ്പടിയിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല. പല പ്രവർത്തികളും ക്രമാതീതമായി കാലതാമസം വരുത്തിയാണ് പൂർത്തീകരിക്കുന്നതായി കാണുന്നത്. പൂർത്തീകരണ തീയതി രേഖപ്പെടുത്താത്തതിനാൽ തന്നെ ഇത്തരം പ്രവൃത്തികളുടെ അന്തിമ ബില്ലിൽനിന്നും 2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം ഉള്ള പിഴ തുക ഈടാക്കുന്നതിന് കരാർ ഉടമ്പടിയിലെ ഈ അപാകം കാരണം സാധിക്കുന്നില്ല. ഉദാഹരണമായി ഉദയക്കവല-താന്നിമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ് (പ്രൊജക്ട് നം : 166/22) എന്ന പ്രവൃത്തിക്കായി നസീം. പി. എന്ന കരാറുകാരനുമായി കരാർ ഉടമ്പടി ചമച്ചിട്ടുണ്ടെങ്കിലും (നം.44/AE /LSGD/ASMR/19-20 തി.4.12.2019) ഇതിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കേവലം 160 മീറ്റർ നീളത്തിൽ മാത്രമാണ് കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തുവാനുള്ളത്. എന്നാൽ മുകളിൽ പറഞ്ഞവിധത്തിൽ 4.12.2019 ന് കരാർ ഉടമ്പടി ചമക്കുകയും അന്നേ ദിവസം തന്നെ പ്രവൃത്തി സ്ഥലം കൈമാറുകയും ചെയ്തിരിക്കുന്ന ഈ പ്രവൃത്തിയുടെ ആദ്യ ഇനമായ Earthwork Excavation എന്ന പ്രവൃത്തി തന്നെ നടപ്പിലാക്കിയിരിക്കുന്നത് പത്ത് മാസങ്ങൾക്ക് ശേഷം 6.10.2020 ന് മാത്രമാണ്. പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 15.12.2020 നുമാണ്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/20.9.2022) ലഭ്യമാക്കിയ മറുപടിയിൽ കരാർ ഉടമ്പടികളിൽ പൂർത്തീകരണ തീയ്യതി ചേർക്കാതെ പോയത് അറിവില്ലായ്മ കൊണ്ട് വന്നുപോയതാണെന്നും ഇക്കാര്യം ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. എന്നാൽ മുകളിൽ സൂചിപ്പിച്ച പ്രകാരം പൂർത്തീകരണ കാലാവധി രേഖപ്പെടുത്താതെ പ്രവൃത്തികൾ അസാധാരണമായ കാലതാമസത്തോടെ പൂർത്തീകരിച്ചതിന്റെ കാരണം ആവശ്യപ്പെട്ടതിന് മറുപടിയായി ഈ പ്രവൃത്തികളെല്ലാം ബഹുവർഷ പ്രൊജക്ടുകളായി വിഭാവനം ചെയ്തിരുന്നതാണെന്നും ആയതിനാൽ തന്നെ പൂർത്തീകരണത്തിൽ കാലതാമസം വന്നിട്ടില്ലയെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. എന്നാൽ കേവലം 160 മീറ്റർ മാത്രം നീളമുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികളും സമാനമായ മറ്റ് പ്രവൃത്തികളും ബഹുവർഷ പദ്ധതികളായി വിഭാവനം ചെയ്യുന്നത് അനുചിതവും, പൂർത്തീകരണത്തിൽ യുക്തിസഹമല്ലാത്ത കാലതാമസത്തിനും ഇടയാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുകയും വാർഡ് തലത്തിൽ വിഭജനം നടത്തി പ്രൊജക്ടുകൾ തയ്യാറാക്കുന്ന പ്രവണത ഒഴിവാക്കിയും തൻവർഷ പ്രൊജക്ടുകൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണ്.

1-28 പദ്ധതി ആസൂത്രണ ചെലവുകൾ- അപാകം

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | : 2/22 | | |
| | വികസന ഫണ്ട് | തനത് ഫണ്ട് | ആകെ |
| അടങ്കൽ | : 200000 | 100000 | 300000 |
| ചെലവ് | : 121306 | 50400 | 171706 |
| നിർവ്വഹണോദ്യോഗസ്ഥൻ | : സെക്രട്ടറി | | |
| ബിൽ നം. | : 700482323 തീ.5.10.2021, 121306/- രൂപ | | |
| വൗച്ചർ നം. | : 22101180/31.3.2022, 50400/- രൂപ | | |

മേൽ പദ്ധതി പ്രകാരം വികസന ഫണ്ടിൽനിന്നും ചെലവഴിച്ച തുകയുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയതിൽ 50,400/- രൂപയുടെ ചെലവ് ജനകീയാസൂത്രണം ഇരുപത്തിയഞ്ചാം

വാർഷികത്തോടനുബന്ധിച്ച് മുൻ ജനപ്രതിനിധികൾക്ക് നൽകുന്നതിനുവേണ്ടി മെമന്റോ വാങ്ങിയതിന് പെരുമ്പാവൂർ അറോറ സൈൻ എന്ന സ്ഥാപനത്തിന് നൽകിയതാണ്. എന്നാൽ പ്രസ്തുത ചെലവിനാധാരമായ ചടങ്ങ് നടന്നതായി കാണുന്നില്ല. മേൽ പരാമർശത്തിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (32/22.9.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പണം പാഴാകാത്ത വിധത്തിൽ തുക ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-29 വിനിയോഗ വിവരം(ഐ.കെ.എം) ലഭ്യമായിട്ടില്ല.

അശമന്നൂർ ഗ്രാമ പഞ്ചായത്ത് ഐ.കെ.എം വിഹിതമായി നൽകിയ താഴെ പറയുന്ന തുകകൾക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം. | 1/22 |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽനം.,തീയ്യതി | 700377483/06.09.21 |
| തുക | 56420/- |

തുക അടവാക്കിയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്നമുറക്ക് അറിയിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 56420/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-30 മരുന്നുകൾ ലഭ്യമായിട്ടില്ല (ഹോമിയോ)

പ്രൊജക്ട് നം: 92/22

പ്രൊജക്ടിന്റെ പേര്: ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ.

നിർവ്വഹണം. മെഡിക്കൽ ഓഫീസർ, ഹോമിയോ.

ചെലവ് : 200000/- രൂപ.

ബിൽ നം : 10301258088 തീ.05.03.2022.

ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മുകളിൽ പറഞ്ഞ വിധം 200000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 200000/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നമുറക്ക് വിവരം അറിയിക്കേണ്ടതാണ്.

### 1-31 ചികിത്സാസഹായം - ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ട് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ഡയാലിസിസ് രോഗികൾക്ക് ചികിത്സാസഹായം-81/22 | 50000/- (വികസന ഫണ്ട് -സാധാരണ വിഹിതം) | 30000/- | 701179602/ 22.02.2022 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ചെലവ് തുക 30000/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-32 കാരുണ്യ സ്പർശം പദ്ധതി-രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല.

പ്രൊജക്ട്നം:82/21-22

പ്രൊജക്ടിന്റെ പേര്: സ്ട്രങ്ങ്തനിങ്ങ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റർ.

നിർവ്വഹണഉദ്യോഗസ്ഥൻ: സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് തുക/ബിൽ നം. |
|---|---|---|
| പദ്ധതി വിഹിതം | 20000/- | 20000/- (ബിൽ നം.701179606/22.02.2022 |

എണാകുളം ജില്ലാ പഞ്ചായത്തിന്റെ 2021-22 വർഷത്തെ പദ്ധതിയായ കാരുണ്യ സ്പർശം ഏർലി ഇന്റർവെൻഷൻ സെന്റർ എന്ന പദ്ധതി സംയുക്തമായി ഗ്രാമപഞ്ചായത്തുകളെയും ഉൽപ്പെടുത്തിയാണ് നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി ഈ കാര്യാലയത്തിൽനിന്നും മേൽപറഞ്ഞ പ്രകാരം തുക നലികിയിട്ടുണ്ട്. എന്നാൽ ഇതിന്റെ രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 20000/- രൂപ തടസ്സപ്പെടുത്തുന്നു.

1-33 എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല, മോണിറ്ററിംഗ് ഫലപ്രദമല്ല

| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
|---|---|---|
| പ്രോജക്ട് നമ്പർ | 3/2021-22 | 4/2021-22 |
| അടങ്കൽ | 260202/-(വികസനഫണ്ട്-ജനറൽ) | 250000/-(വികസനഫണ്ട്എസ്.സി.പി) |
| ചെലവ് | 260202/- | 250000/- |
| ബിൽ നം. | 8700377478/06.09.21 | 8700377470/110.09.21 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. 2021-22 -ലെ മൊത്തം പ്രവർത്തന കലണ്ടർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018 /ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.കെ ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2021-22 -ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

1-34 പഞ്ചായത്തിലേക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ച്.

| | |
|---|---|
| പ്രോജക്ട് നം, പേര് | 221/22<br>സ്കാനർ, പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 150000/- മെയിന്റെനൻസ് നോൺറോഡ് 110396; 39604/- വികസനഫണ്ട്-ജനറൽ. |

| | |
|---|---|
| ചെലവ് | 127248/-<br>(12953/-ബിൽ.നം- 8701179579-22/02/22)<br>(17346/-78701309197/11.03.22)<br>(96949/- 701179585/22.02.22) |

അശമന്നൂർ പഞ്ചായത്തിലേക്ക് സ്കാനർ, പ്രിന്റർ, ഉപകരണങ്ങൾ വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. സ്കാനർ ലഭ്യമായെങ്കിലും ഇതുവരെ പ്രിന്റർ ലഭ്യമായിട്ടില്ല. 14/02/22 തീയതിയിലെ ITBG/PI/RC/34995, 34997 നമ്പർ പ്രോഫോർമ ഇൻവോയ്സുകൾ പ്രകാരം യഥാക്രമം 96949/-, 12953/-രൂപയാണ് സ്കാനർ, പ്രിന്റർ വാങ്ങുന്നതിനായി കെൽട്രോണിന് മുൻകൂറായി നൽകിയത്. എന്നാൽ നാളിതുവരെയും ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ കെൽട്രോണിന് തുക മടക്കി നൽകുന്നതിനുള്ള റീഫണ്ട് ലെറ്റർ അയച്ചതായോ സാധനങ്ങൾ ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയോ, തുക തിരിച്ചീടാക്കുകയോ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ. 29/22.9.22 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ ആയതിന്റെ ചെലവ് തുക 1,09,902/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-35 തുടർ സാക്ഷരതാ പരിപാടി - രേഖകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 64/21-22 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.യു.പി. സ്കൂൾ. |
| പ്രോജക്ടിന്റെ പേര് | തുടർ സാക്ഷരതാ പരിപാടി . |
| അടങ്കൽ തുക | രൂ. 100,000/- (വികസന ഫണ്ട്) |
| ചെലവ് | രൂ.18450/- |
| ബിൽ നം./തീയതി | 101443875/23.03.2022 : 5250/-<br>101445550/24.03.2022 : 13200/- |

സാക്ഷരത മിഷൻ നടപ്പാക്കുന്ന പത്താം തരം തുല്യത, പ്ലസ് വൺ തുല്യത, പ്ലസ് 2 തുല്യത കോഴ്സകളിൽ ചേരുന്ന ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ ഫീസ് ഒടുക്കുന്നതിനായി 18450/- രൂപ പഞ്ചായത്ത് പദ്ധതി വിഹിതമായി സാക്ഷരത മിഷനിലേക്ക് നൽകിയിട്ടുണ്ട്. പത്താം തരം തുല്യത കോഴ്സിനായി 3 വിദ്യാർത്ഥികളുടെ ഫീസായി 1,750/- രൂപ വീതം ആകെ 5250/-രൂപയും പ്ലസ് വൺ തുല്യത കോഴ്സകളിലെ ഫീസായി 6വിദ്യാർത്ഥികൾക്ക് 2,200/- രൂപ വീതം ആകെ 13,200/- രൂപയുമാണ് പഞ്ചായത്ത് നൽകിയിട്ടുള്ളത്. തുക മുൻകൂർ നൽകിയെങ്കിലും പഞ്ചായത്ത് സാക്ഷരത സമിതി യോഗത്തിന്റെ മിനിട്സ്, കോഴ്സ് പൂർത്തീകരണം എന്നിവ സംബന്ധമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിദ്യാർത്ഥികളുടെ കോഴ്സിന്റെ രജിസ്ട്രേഷൻ നടത്തിതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സാക്ഷരതാ മിഷന്റെ ക്ലാസ് നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് സാക്ഷരതാ പ്രേരക്ക് ഓഡിറ്റിനെ അറിയിക്കുകണ്ടായി. മേൽപ്പറഞ്ഞ വിദ്യാർത്ഥികളുടെ കോഴ്സ് പൂർത്തീകരിക്കുന്ന മുറക്ക് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മുൻവർഷം (2020-21) ആരംഭിച്ച ഇതേ പദ്ധതിക്കായി ചെലവഴിച്ച 9650/- രൂപയുടേയും കോഴ്സ് പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുണ്ട്. (പത്താം തരം തുല്യത – 3 പേർ, പ്ലസ് വൺ തുല്യത – 2 പേർ)

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 28/22.09.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ രേഖകൾ പദ്ധതി പൂർത്തിയാകുന്ന മുറക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-36 എസ്.എസ്.കെ - എസ്.സി.പി ഫണ്ട് വിനിയോഗത്തിൽ അപാകം

പ്രൊജക്ട് നം :4/22

അടങ്കൽ : 2,50,000/-രൂപ

ചെലവ് : 2,50,000/-രൂപ

ബിൽ നം.തീയതി : 700377470/06.09.21

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി.

എസ്.എസ്.കെ പദ്ധതിക്കായി പഞ്ചായത്തിൽനിന്നും ഓഡിറ്റ് വർഷം 2,50,000/- രൂപ എസ്.സി വിഹിതമായി നൽകിയിട്ടുണ്ട്.

ബി.ആർ.സി യിൽ നിന്നും ലഭ്യമായ കണക്ക് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള മൂന്ന് സ്കൂളുകളിലായി ആകെ 1270 കുട്ടികളാണ് നിലവിലുള്ളത്. ആയതിൽ 156 എസ്.സി കുട്ടികളും ജനറൽ വിഭാഗത്തിൽ 1114 വിദ്യാർത്ഥികളുമാണുള്ളത്. അപ്രകാരം ജനറൽ ഇനത്തിൽ ഫണ്ട് വിനിയോഗിച്ചത് 1114 വിദ്യാർത്ഥികൾക്ക് 2,60,202/- രൂപയാണ്. എന്നാൽ വെറും 156 എസ്.സി വിദ്യാർത്ഥികൾക്കായി ചെലവഴിച്ച തുക മേൽ പദ്ധതി പ്രകാരം 2,50,000/- രൂപയാണ്. 156 വിദ്യാർത്ഥികൾക്ക് മാത്രമായി ഇത്രയും ഭീമമായ തുക ഏതൊക്കെഇനത്തിൽ ചെലവഴിച്ച എന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. 156 എസ്.സി വിദ്യാർത്ഥികൾക്ക് വകയിരുത്തിയ 2.5 ലക്ഷം രൂപ ജനറൽ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കാണോ ചെലവഴിച്ചത് എന്നകാര്യവും വ്യക്തമല്ല. പദ്ധതി പ്രകാരം ജനറൽ വിദ്യാർത്ഥികൾക്ക് അനുവദിച്ച തുക ജനറൽ വിദ്യാർത്ഥികൾക്ക് ചെലവഴിച്ചതിന്റെ വിശദവിവരങ്ങളും രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ 156 എസ്.സി വിദ്യാർത്ഥികൾക്ക് ഏതൊക്കെ ഇനത്തിൽ ചെലവഴിച്ച എന്നതിന്റെയും വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകി ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31 തീ.22.09.22) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 25,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-37 ഘടക സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്തിട്ടില്ല.

പ്രൊജക്ട് നം : 20/22

അടങ്കൽ : 520349/- രൂപ

ചെലവ് : 412212/- രൂപ

ബിൽ നം. : 7870152044/30.3.2022

ഇൻവോയ്സ് നം : 473/30.3.2022

മേൽ പദ്ധതി പ്രകാരം Forest Industries Travancore LTD Aluva യിൽ നിന്നും 9 ഇനം ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. ആയത് ഇൻവോയിസിലെ വിവരങ്ങൾ അതേപടി പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ ആർക്കും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. (പദ്ധതി രേഖയിൽ ഘടക സ്ഥാപനങ്ങൾക്ക് വേണ്ടി ഫർണിച്ചർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്) വിതരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ. 33/22.09.22 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാക്കാത്തതിനാൽ ചെലവ് തുക 4,12,212/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-38 തെരുവ് വിളക്ക് പരിപാലനം ടെൻഡർ അപാകങ്ങൾ-

പ്രൊജക്ട് നം.21/22

പദ്ധതി : തെരുവ് വിളക്ക് മെയിന്റനൻസ്

അടങ്കൽ : 4,95,000/- രൂപ

ചെലവ് തുക : 4,94,760/- രൂപ (ബിൽ നം.78701309182 തീ.11.3.2022)

നിർവ്വഹണം : സെക്രട്ടറി

2021-22 വർഷത്തിൽ തെരുവ് വിളക്ക് മെയിന്റനൻസിനായി ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത റൗഫ്, ഇലക്ട്രിക്കൽ കോൺട്രാക്ടർ, മുതിരക്കാലാൽ എന്ന ആളെ തെരഞ്ഞെടുക്കുകയും ടിയാനിൽനിന്നും

24,750/- രൂപ ഡെപ്പോസിറ്റ് സ്വീകരിച്ച് തൻവർഷത്തേക്കുള്ള കരാർ നൽകുകയും ചെയ്തിട്ടുണ്ട്. (കരാർ നമ്പർ ഇല്ല/തി.7.12.2021)

ഫയൽ പരിശോധനയിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. തെരുവ് വിളക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം.

2021-22 ൽ പുതുതായി വാങ്ങിയ തെരുവ് വിളക്കുകളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. മുൻവർഷങ്ങളിൽ വാങ്ങിയതും പരിപാലിച്ച് പോരുന്നതുമായ മറ്റ് തെരുവ് വിളക്കുകകളുടെ വിവരങ്ങൾ ലഭ്യമല്ല.

2) കരാറുകാരന് ഒറ്റത്തവണയായി തുക നല്കി.

കരാർ ഉടമ്പടിയിൽ കരാർ കാലാവധി വ്യക്തമാക്കിയിട്ടില്ല. കരാർ ചമച്ച് 3 മാസത്തിനകം തന്നെ പദ്ധതി അടങ്കൽ തുക മുഴുവനും ഒറ്റത്തവണയായി നൽകിയതായും കാണുന്നു.

3) പഞ്ചായത്തിലെ 14 വാർഡ് മെമ്പർമാരും (31.1.2022 മുതൽ) നൽകിയ സാക്ഷ്യപത്രത്തിൽ ഒരുപോലെ 35 ലൈറ്റുകൾ വീതം കരാറുകാരൻ മെയിന്റനൻസ് നടത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം തുക കണക്കാക്കി നൽകിയതിന്റെ കാൽകുലേഷൻ ഷീറ്റ്, ഓഫീസ് നോട്ട് എന്നിവ ഫയലിലില്ല. ഇതിൽ നൽകിയ തുകയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

4) കരാറുകാരൻ സമർപ്പിച്ച ടാക്സ് ഇൻവോയ്സ് പ്രകാരം 4,94,760/- രൂപയാണ് കാണിച്ചിരിക്കുന്നത്. ഇതിൽ 18%ജി.എസ്.ടി യും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ 1%വരുമാന നികുതി, 2%ജി.എസ്.ടി എന്നിവയും ബില്ലിൽ കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരന്റെ യഥാർത്ഥ ചെലവ് ഫയലിൽനിന്നും വ്യക്തമല്ല.

5) 31.3.2022 നകം പദ്ധതി തുക പൂർണ്ണമായി നൽകിയതിനാൽ ശേഷിക്കുന്ന 9മാസത്തോളം അറ്റകുറ്റപ്പണി എപ്രകാരമാണ് നടത്തുന്നതെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35/22.09.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ 4,95,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 പാട്ടകൃഷി- നിർവ്വഹണത്തിലെ ന്യൂനതകൾ

പദ്ധതി നം 88/22
പദ്ധതി : സുഭിക്ഷ കേരളം - തരിശ് ഭൂമി കൃഷി
നിർവ്വഹണം : കൃഷി ഓഫീസർ
അടങ്കൽ/ചെലവ് : 23,250/- രൂപ
ബിൽ നം., തീയതി : 401079592/08.02.22

1) മേൽ പദ്ധതി പ്രകാരം (നെൽകൃഷി) പാട്ടകൃഷിക്കുള്ള തുക വിതരണം ചെയ്തതിൽ ശ്രീമതി.രമണി എ.എസ് എന്ന ഗുണഭോക്താവിന് 36 സെന്റ് കൃഷി ചെയ്തതിന്റെ ചെലവിനത്തിൽ 5040/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ കൃഷി ചെയ്ത ഭൂമിയുടെ 2021-22 വർഷത്തെ നികുതി ശീട്ട് ഫയലിൽ ലഭ്യമല്ല. കൃഷി ഭൂമി ആണെന്ന് തെളിയിക്കുന്ന രേഖ ഇല്ലാതെ തുക അനുവദിച്ച നടപടി ശരിയല്ല.

2) പദ്ധതി പ്രകാരം നാലു പേർക്കാണ് തുക വിതരണം ചെയ്തത്. ഇവരിൽ മൂന്ന് പേർ പാട്ടകൃഷിക്കാരും ഒരാൾ ഉടമയുമാണ്. സർക്കാർ ഉത്തരവ് [സ.ഉ.(സാധാ) നം.1009/2020/ത.സ്വ.ഭ.വ, തീ.29.05.2020] പ്രകാരം ഭൂഉടമകൾക്കുള്ള കൂലിചെലവ് വിഹിതം നൽകിയതായി കാണുന്നില്ല. പ്രസ്തുത വ്യക്തികൾ കൂലിചെലവിനുള്ള അപേക്ഷ ആവശ്യപ്പെട്ടിട്ടും കൃഷി ഓഫീസർ നൽകാതിരുന്നതാണോയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/22.09.22) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗരേഖയ്ക്കനുസരിച്ച് പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ക്രമ.നം.(1) പ്രകാരമുള്ള ഗുണഭോക്താവിന്റെ പക്കൽ നിന്നും നികുതി ശീട്ട് ലഭ്യമാക്കാത്തപക്ഷം കൃഷിക്കായി അനുവദിച്ച തുക നിർവ്വഹണോദ്യോഗസ്ഥൻ സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 1-40 പമ്പ് സെറ്റ് വിതരണ പദ്ധതിയിൽ കണ്ട ന്യൂനതകൾ

പദ്ധതി നം. : 91/22

പദ്ധതി : ജലസേചന പമ്പ്സെറ്റ്

അടങ്കൽ : 2,80,000/- വികസന ഫണ്ട് ജനറൽ

ചെലവ് : 2,48,950/-

നിർവ്വഹണം : കൃഷി ഓഫീസർ

പമ്പ്സെറ്റ് സബ്സിഡിയായി വാങ്ങിയ ഗുണഭോക്താക്കളിൽ ശ്രീ സി.സി, തമ്പാന് 5000/- രൂപ സബ്സിഡി നൽകിയിരുന്നു. എന്നാൽ ടിയാന്റെ അപേക്ഷക്കൊപ്പമുള്ള നികുതി ശീട്ടിൽ ടിയാന്റെ പേരിൽ 3.91 ആർ ഭൂമി മാത്രമേ ഉള്ളൂ. മാർഗ്ഗരേഖ പ്രകാരം ഗ്രാമ പ്രദേശത്ത് കുറഞ്ഞത് 20 സെന്റ് ഭൂമിയുള്ളവർക്കേ സബ്സിഡിക്കർഹതയുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (36/22.9.22) മറുപടിയിൽ ടിയാന് വേറെ കൃഷിസ്ഥലം ഉള്ളതായും നികുതി ശീട്ട് ഉൾപ്പെടുത്താൻ വിട്ടുപോയി എന്നുമാണ് അറിയിച്ചത്. എന്നാൽ എൻക്വയറി മറുപടിക്കൊപ്പവും ആയത് ഹാജരാക്കാനായിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ 5000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 പച്ചക്കറി വിത്ത് കിറ്റ് വിതരണം- അപാകങ്ങൾ

പ്രൊജക്ട് നം : 93/22
നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പദ്ധതി : പച്ചക്കറി വിത്ത് കിറ്റ് വിതരണം.

അടങ്കൽ : 1,00,000/- (വികസന ഫണ്ട്)

ചെലവ് : 1,00,000/- (ബിൽ നം;400673961/19.11.2021)

Vfpck യിൽനിന്ന് പച്ചക്കറി വിത്തുകൾ 20 രൂപ നിരക്കിൽ 5000 എണ്ണം വാങ്ങിയിട്ടുണ്ട് (Inv.no SPP/21-22/927തി.23.9.2021.

പദ്ധതി പ്രകാരമുള്ള വിത്തുകൾ പഞ്ചായത്തിലെ വാർഡ് മെമ്പർമാർക്ക് 357എണ്ണം വീതം വിതരണം ചെയ്തതിന്റെ കൈപ്പറ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ തന്നെ വാർഡ് 1, 7, 10 എന്നിവ യിലെ രസീതിൽ വിത്തുകൾ കൈപ്പറ്റിയതായുള്ള ഒപ്പ് ഇല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.7/17.09.22) നൽകിയതിന് ശേഷം പുതിയ കൈപ്പറ്റ് രശീതുകൾ ലഭ്യമാക്കി. ഗുണഭോക്താക്കൾക്ക് കൃഷിഭവനിൽ വരുവാനുള്ള അസൗകര്യം ഉള്ളതായി അറിഞ്ഞതിനാലും മുൻവർഷങ്ങളിലെ പോലെ ഗുണഭോക്താക്കൾക്ക് സൗകര്യപ്രദമാക്കുവാനുമാണ് ഇപ്രകാരം ചെയ്തത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. പഞ്ചായത്ത് വഴി നടപ്പാക്കുന്ന പദ്ധതികളിൽ ജനപ്രതിനിധികൾ നിർവ്വഹണം നടത്താൻ വ്യവസ്ഥയില്ല. കൂടാതെ വിത്ത് കൈപ്പറ്റിയ മെമ്പർമാർ അവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശങ്ങളുമില്ല. പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടുമില്ല. ഇത്തരുണത്തിൽ പദ്ധതി നിർവ്വഹണം നടന്നുവോ എന്നുറപ്പുവരുത്തുവാനാകാത്തതിനാൽ ഒരു ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പദ്ധതി ചെലവ് തുക തിരിച്ചടവാക്കേണ്ടതാണ്.

## 1-42 വീട്ട് വളപ്പിൽ പച്ചക്കറികൃഷി വ്യാപനം - നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രൊജക്ട് നം. : 94/22
നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പദ്ധതി : വീട്ട് വളപ്പിൽ പച്ചക്കറികൃഷി വ്യാപനം (ഗ്രോബാഗ് കൃഷി)

അടങ്കൽ : 1,78,600/- (വികസന ഫണ്ട്) 89,200/- (ഗുണഭോക്തൃവിഹിതം)

ചെലവ് : 1,78,398/- (ബിൽ നം;401079611/8.2.2022)

89,200/- (ഗുണഭോക്തൃവിഹിതം)

ആകെ ചെലവ് : 2,67,598/- രൂപ

മേൽ പദ്ധതി പ്രകാരം 446 കിറ്റുകൾ (Kitchen Garden Kit) വി.എഫ്.പി.സി.കെ യിൽനിന്നും വാങ്ങിയതിന്റെ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

പരിശോധനയിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. ഗ്രോബാഗിൽ പച്ചക്കറി കൃഷി നടത്തുന്നതിനായി ഗ്രോബാഗ്, പച്ചക്കറി വിത്ത്, വെർമി കമ്പോസ്റ്റ്, ഫിഷ് അമിനോ ആസിഡ്, വേപ്പെണ്ണ, സ്യൂഡോമോണാസ്, പോട്ടിങ്ങ് മിശ്രിതം, ഡോളമൈറ്റ് എന്നിവ വിതരണം ചെയ്യുവെന്നാണ് കൃഷി ഓഫീസർ അറിയിച്ചത്. എന്നാൽ ഇൻവോയിസ് പ്രകാരം ഒരു കിറ്റിൽ ഉൾപ്പെട്ട സാധനങ്ങൾ എന്തൊക്കെയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. മേൽ പറഞ്ഞ രീതിയിൽ ഗ്രോ ബാഗുകളും വിത്തും വളവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്.

ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ 14.02.2018 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം പഞ്ചായത്ത് ഗ്രോ ബാഗിൽ പോട്ടിങ്ങ് മിശ്രിതം നിറച്ച് തൈ ഉൾപ്പെടെയാണ് ഗുണഭോക്താവിന് വിതരണം ചെയ്യേണ്ടത്. എന്നാൽ പോട്ടിങ്ങ് മിശ്രിതം ഇല്ലാത്ത കാലി ഗ്രോ ബാഗുകളും വിത്തും വളവും മറ്റും വേറേയുമാണ് വിതരണം ചെയ്തിട്ടുള്ളത്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 8/17.09.22) മറുപടിയിൽ ഗ്രാമപ്രദേശമായതിനാൽ മണ്ണ് ലഭ്യമായതിനാലും വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശത്താലുമാണ് ഇപ്രകാരം ചെയ്തത് എന്നാണ്.

സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമില്ലാത്തതാകുന്നു.

3. കൃഷി വകുപ്പിലെ മറ്റ് പദ്ധതികൾ പ്രകാരം മുമ്പ് ഇതേ ആനുകൂല്യം ലഭിച്ചവർക്കല്ല ഗ്രോ ബാഗുകൾ നൽകിയത് എന്നത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിലില്ല.

4. ഗുണഭോക്താക്കൾക്ക് യാതൊരു വിധ പരിശ്രമവുമില്ലാതെ അനായാസം കൃഷി നടത്താവുന്നതും പരിപാലനം നടത്താവുന്നതുമായ ഒരു പദ്ധതിയാണിത്. മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് ഗ്രോബാഗിൽ പോട്ടിംഗ് മിശ്രിതം നിറച്ച് തൈ സഹിതം നൽകേണ്ടതായിരുന്നു.

മാർഗ്ഗരേഖയിൽ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ പദ്ധതി നടപ്പിലാക്കണമെങ്കിൽ സർക്കാരിൽനിന്നും ടി പദ്ധതിക്ക് മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ ചെയ്തിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ മേൽപറഞ്ഞ അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 289000 | നെൽകൃഷിക്ക് കൂലിച്ചെലവ്- സബ്സിഡി | 287221 | 1779* |
| | 2021-22 | 200000 | ലൈഫ് മിഷൻ ഭവനം -എസ്.സി | 200000 | 0 |
| | 2021-22 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 2019-20 | 395000 | സൺഡേ സ്കൂൾ- കുനമാലി-പൂച്ചക്കര റോഡ് ടാറിംഗ് | 395000 | 0 |
| | 2013-14 | 50000 | ലഭ്യമല്ല | 0 | 50000 |
| | 2013-14 | 8217 | പനിച്ചയം ലിഫ്റ്റ് ഇറിഗേഷൻ | 0 | 8217 |
| | 2012-13 | 108333 | ലഭ്യമല്ല | 0 | 108333 |
| | ആകെ | 1350550 | | 1182221 | 168329 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 860000 | ലൈഫ് മിഷൻ ഭവനം -എസ്.സി | 860000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 360000 | ലൈഫ് മിഷൻ ഭവനം -ജനറൽ | 360000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2012-13 | 21322 | ലഭ്യമല്ല | 0 | 21322 |
| | ആകെ | 1641322 | | 1620000 | 21322 |

* 1779 രൂപ സർക്കാർ 31.03.2022 ൽ പിൻവലിച്ചു.

### 4-3 നിക്ഷേപ പ്രവൃത്തികൾ

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം ഈയിനത്തിൽ ചെലവില്ല.

### 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8,80,000/-രൂപ വരവുണ്ട്. 2021-22 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| KURDFC ഭവന വായ്പ –ലൈഫ് | ജി ഒ (എം എസ്) 68/018/ ത സ്വ ഭ വ തി 18.5.2018 | 880000 | 12823334 | 2537334 | 0 | 11166000 | | |

4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 1700000 |
| ആകെ | 1700000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1700000 |

അശമന്നൂർ സർവീസ് സഹകരണ ബാങ്കിലുള്ള സ്ഥിരനിക്ഷേപത്തിന്റെ 0120000062398/15.09.2021 നമ്പർ അസ്സൽ രസീത് പൊതുമരാമത്ത് വകുപ്പിൽ 156/22 നമ്പർ പ്രൊജക്ടിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയിരിക്കുന്നതിനാൽ രസീതിന്റെ പകർപ്പാണ് പരിശോധനയ്ക്ക് ലഭ്യമായത്.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 98,000/- രൂപയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു. ഈ തുക 350300109 എന്ന ഹെഡ്ഡിൽ Government And Other Dues Payable Refund Of Unutilised Grants Of Prior Period എന്ന ഇനമായാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2007-08 | 3-6 | 48000 | ANERT | 121050900136/ 12.10.2021 |
| 2018-19 | 1-29 | 20000 | ചെയർപേഴ്സൺ, കുടുംബശ്രീ | 121020500030/ 29.12.2021 |
| 2019-20 | ഓഡിറ്റ് ഓൻക്വയറി നമ്പർ 7 | 30000 | ചെയർപേഴ്സൺ, കുടുംബശ്രീ | 121020500030/ 29.12.2021 |
| | ആകെ | 98000 | | |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2-6 | 2005-06 | 37.1 | ഇല്ലത്തുപ്പടി ശുദ്ധജല പദ്ധതി മുൻകൂർ തുക തിരിച്ചു പിടിക്കാത്തത് | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |
| 1999-00 | 2-8 | 2005-06 | 37.2 | വനിത ഫിഷ് മാർക്കറ്റിന് ഫ്രിഡ്ജ് , ഫ്രീസർ വാങ്ങിയത് ഉപയോഗശൂന്യമായി | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |

| | | | | | |
|---|---|---|---|---|---|
| 1999-00 | 2-9 | 2005-06 | 37.3 | വിവരവിനിമയ സാങ്കേതിക സർവ്വേ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |
| 1999-00 | 2-10 | 2005-06 | 37.4 | ലിഫ്റ്റ് ഇറിഗേഷൻ | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76964631 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74033144 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,78,534 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 56420 | ശ്രീമതി.രശ്മി.എസ്, സെക്രട്ടറി |
| 1-30 | 200000 | ഡോ. ജീവൻ.പി എസ്.<br>മെഡിക്കൽ ഓഫീസർ (ഹോമിയോ)<br>ഡോ. സിസൻ ജോസഫ്,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-31 | 30000 | ശ്രീമതി.രശ്മി.എസ്,സെക്രട്ടറി |
| 1-32 | 20000 | ശ്രീമതി.രശ്മി.എസ്,സെക്രട്ടറി |
| 1-34 | 109902 | ശ്രീമതി.രശ്മി.എസ്,സെക്രട്ടറി |
| 1-36 | 250000 | ശ്രീമതി.രശ്മി.എസ്,സെക്രട്ടറി |
| 1-37 | 412212 | ശ്രീമതി. രശ്മി.എസ്,സെക്രട്ടറി |
| 1-38 | 495000 | ശ്രീമതി.രശ്മി.എസ്,സെക്രട്ടറി |
| 1-40 | 5000 | ശ്രീമതി.സൗമ്യ സണ്ണി, കൃഷി ഓഫീസർ. |
| 1-41 | 100000 | ശ്രീമതി.സൗമ്യ സണ്ണി, കൃഷി ഓഫീസർ. |
| ആകെ | 1678534/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/ തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രശ്മി.എസ് | സെക്രട്ടറി, അശമന്നൂർ ഗ്രാമ പഞ്ചായത്ത് | കണ്ണോത്ത് ഹൗസ്, പട്ടിമറ്റം. പി.ഒ |
| ഡോ. ജീവൻ.പി എസ്. | മെഡിക്കൽ ഓഫീസർ (എൻ.എച്ച്.ആർ.എം) | ശ്രീരഞ്ചനം ഹൗസ്, സെബിയൂർ, മലയാറ്റൂർ.പി.ഒ |
| ഡോ.സിൻസൻ ജോസഫ് | മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ഡിസ്പെൻസറി, പെരുമ്പാവൂർ | കോലഞ്ചേരിയിൽ താമരച്ചാൽ കിഴക്കമ്പലം പി.ഒ. എറണാകുളം |
| ശ്രീമതി. സൗമ്യ സണ്ണി | കൃഷി ഓഫീസർ അശമന്നൂർ ഗ്രാമപഞ്ചായത്ത് | പുല്ലങ്ങൽ ഹൗസ് വേങ്ങൂർ പി.ഒ, വേങ്ങൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | LFE(P2)139(3)/11 Dt.19.5.11 |
| 1999-00 | LFE(P2)1395(36)/11 Dt.19.5.11 |
| 2004-05 | KSA-EKM(P2)719/15 Dt.22.09.15 |
| 2005-06 | LFE(P2)1272/09 Dt.1.6.2011 |
| 2006-07 | LFE(P2)1273/11 Dt.8.3.2010/7.6.10 |
| 2007-08 | LFE(P2)2034/12 Dt.5.3.2013 |
| 2008-09 | LFE(P2)2035/12 Dt.6.3.2013 |
| 2009-10 | LFE(P2)2035/15 Dt.21.1.2016 |
| 2010-11 | LFE(P2)2035/15 Dt.21.1.2016 |
| 2011-12 | LFE(P2)2035/15 Dt.21.1.2016 |
| 2012-13 | LFE(P2)985/15 Dt.22.4.2015 |
| 2013-14 | LFE(P2)985/15 Dt.22.4.2015 |
| 2014-15 | LFE(P2)1190/16 Dt.20.7.2016 |
| 2015-16 | KSA EKM(P2)2121/16 Dt.13.12.2016 |
| 2016-17 | KSA-EKM(P2)2210/17 Dt.30.11.2017/ 16.12.2017 |
| 2017-18 | KSA EKM(P2)226/19 Dt.11.03.2019 |
| 2018-19 | KSA EKM(P2)729/2021 Dt.30.06.21/05.07.21 |
| 2019-20 | KSA EKM(P2)1912/2021 Dt.30.06.2022 |
| 2020-21 | KSA EKM(P2)1913/2021 Dt.01.07.2022 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്